# ചെറുപുഴ തേജസ്വിനിയിൽനിന്ന് നീര ഈ മാസം വിപണിയിലേക്ക്

കൊച്ചി: നാളികേര കർഷകരുടെ ആദ്യ ഉൽപ്പാദക കമ്പനിയായ കണ്ണൂർ ചെറുപുഴ തേജസ്വിനി കമ്പനി ഈ മാസം നീരയും നീരയിൽനിന്നുള്ള ശർക്കരയും വിപണിയിലിറക്കുമെന്ന് കമ്പനി ചെയർമാൻ സണ്ണി ജോസഫ് അറിയിച്ചു.

150 തെങ്ങുകളിൽനിന്ന് നീര ഉൽപ്പാദനം ഉടൻ ആരംഭിക്കും. 1500 തെങ്ങുകളിൽനിന്ന് നീര ഉൽപ്പാദിപ്പിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. ദിവസം 1000 ലിറ്റർ നീര സംസ്കരിക്കാൻ ശേഷിയുള്ള ഒരു പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടിയും കമ്പനി ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ വാടകയ്ക്ക് എടുക്കുന്ന സ്ഥലത്ത് നീരയുടെ സംസ്കരണവും ശർക്കര നിർമാണവും തുടങ്ങാനാണ് പദ്ധതി.

നീര ലിറ്ററിന് 100 രൂപയും ശർക്കര കിലോഗ്രാമിന് 500 രൂപയുമാണ് ഏകദേശ വില നിശ്ചയിച്ചിരിക്കുന്നത്. നാളികേര വികസന ബോർഡിന്റെ സാങ്കേതികവിദ്യ അനുസരിച്ചാണ് ഇവിടെ നീര സംസ്കരണം നടത്തുക. തുടക്കത്തിൽ കണ്ണൂർ, കോഴിക്കോട് മാർക്കറ്റുകളാണ് തേജസ്വിനിയുടെ നീര ലക്ഷ്യമിടുന്നത്.